'ഭരണഭാഷ- മാതൃഭാഷ'

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. കെ. ഗോപിയ്ക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2203/2019/ത.സ്വ.ഭ.വ  തീയതി,തിരുവനന്തപുരം, 05/10/2019

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 25.01.2016-ലെ ഇ3(ക്യു.വി.02/2015/പി.ടി.എ) 4140/2015 നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 09.02.2016-ലെ 1200/ഡി3/2016/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 07.05.2016-ലെ ഇപിബി2/60/2016/തസ്വഭവ നമ്പർ കുറ്റപത്രം

4 സർക്കാരിന്റെ 18.02.2017-ലെ ഇപിബി2/60/2016/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

5 ശ്രീ. കെ. ഗോപി സമർപ്പിച്ച 02.05.2017-ലെ പ്രതിവാദ പത്രിക

6 പഞ്ചായത്ത് ഡയറക്ടറുടെ 15.11.2017-ലെ ഡി6-17235/2016 നമ്പർ കത്ത്

7 സ.ഉ.(സാധാ) നം.1495/2018/തസ്വഭവ തീയതി 31.05.2018

8 പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 23.07.2018-ലെ എ.വി.എസ്-1782/2017 നമ്പർ റിപ്പോർട്ട്

9 കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 04.05.2019-ലെ എ1-3/50039/2018- കെ.പി.എസ്.സി. നമ്പർ കത്ത്

## ഉത്തരവ്

പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമപഞ്ചായത്തിലെ പാറ ഖനനത്തിനും ക്രഷർ യൂണിറ്റിനും ലൈസൻസ് നൽകിയതിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച സത്വരാന്വേഷണ റിപ്പോർട്ടിൽ പാറപൊട്ടിച്ച് ലൈസൻസിനായുള്ള അപേക്ഷയിന്മേൽ നിയമോപദേശം വാങ്ങി കമ്മിറ്റിയുടെ പരിഗണനയ്ക്ക് വയ്ക്കാതെ ലൈസൻസ് ഫീസ് നൽകുന്നതിനുള്ള അനുമതി നൽകുക വഴി താത്കാലിക ചുമതലയുള്ള സെക്രട്ടറിയെന്ന നിലയിൽ ശ്രീ. കെ. ഗോപി പഞ്ചായത്ത് കമ്മിറ്റിയുടെ അധികാരത്തിന്മേൽ കടന്നുകയറിയെന്നു കണ്ടെത്തുകയും, ആയതിന്റെ അടിസ്ഥാനത്തിൽ നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ താത്കാലിക ചുമതലയുള്ള സെക്രട്ടറി ശ്രീ. കെ. ഗോപിക്കെതിരെ പരാമർശം (3) പ്രകാരം ലഘുശിക്ഷക്കുള്ള കുറ്റപത്രം നൽകി അച്ചടക്കനടപടി ആരംഭിക്കുകയും എന്നാൽ ശ്രീ. കെ. ഗോപി സേവനത്തിൽ നിന്നും വിരമിച്ചതിനാൽ കെ.എസ്.ആർ. ഭാഗം. III ചട്ടം 3(b) പ്രകാരം നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ശ്രീ. കെ. ഗോപിയുടെ

പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 3 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. കെ. ഗോപി പരാമർശം (5) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

പഞ്ചായത്തിന്റെ 25.04.2014 മുതൽ 04.03.2015 വരെയുള്ള മിനിറ്റ്സ് ബുക്ക് വിജിലൻസിന്റെ കൈവശമായതിനാൽ ശ്രീ. കെ. ഗോപി സൂചിപ്പിച്ചിട്ടുള്ള തീരുമാനങ്ങൾ ശരിയാണോയെന്ന് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ലായെന്നും സർക്കാർ വക്കീലായ ശ്രീ. എസ്. അനൂപ് ക്വാറി ഉടമ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളും അനുബന്ധങ്ങളും പരിശോധിച്ച് 16.12.2014-ൽ നിയമോപദേശം നൽകിയെന്നും, എന്നാൽ പ്രസ്തുത തീരുമാനം 18.12.2014 ലെ കമ്മിറ്റിയിൽ ചർച്ച ചെയ്യുന്നതിന് മുമ്പ് തന്നെ 17.12.2014-ൽ ലൈസൻസ് ഫീസ് ഒടുക്കുവാൻ ശ്രീ. ഗോപി ക്വാറി ഉടമകളോട് ആവശ്യപ്പെട്ടുവെന്നും ആയതനുസരിച്ച് ഫീസ് ഒടുക്കുകയും ലൈസൻസ് നൽകുകയുമാണുണ്ടായതെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. കെ. ഗോപി സമർപ്പിച്ച പ്രതിവാദ പത്രികയിൽ ടിയാനെ നേരിൽ കേൾക്കണമെന്ന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ടിയാനെ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ടപ്പോഴും ടി ആരോപണത്തിന്മേലുള്ള വ്യക്തമായ മറുപടി നൽകുകയോ ആയതു സമർത്ഥിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കുകയോ ഉണ്ടായില്ല. ഈ സാഹചര്യത്തിൽ ശ്രീ. കെ. ഗോപിയ്ക്കെതിരായ അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി ഈ വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി പരാമർശം (7) പ്രകാരം പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി പരാമർശം (8) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ ശ്രീ. കെ. ഗോപി 04.11.2014 മുതൽ 18.12.2014 വരെയുള്ള കാലയളവിലാണ് നാറാണംമൂഴി ഗ്രാമപഞ്ചയാത്ത് സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്നതെന്നും 04.12.2014 മുതലാണ് ടിയാൻ സെക്രട്ടറിയുടെ അധികചുമതല വഹിച്ചിരുന്നത് എന്ന ടിയാന്റെ മറുപടിയിൽ പരാമർശിച്ചിട്ടുള്ളത് വാസ്തവമല്ലെന്നും, നാറാണംമൂഴി ഗ്രാമപഞ്ചായത്തിലെ ചെമ്പൻമുടിമലയിലെ പാറഖനനത്തിനും ക്രഷർ യൂണിറ്റിനും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിപരീതമായി സെക്രട്ടറിയുടെ അധികചുമതല വഹിച്ചിരുന്ന വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. ഗോപി ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട ഫയലോ മറ്റ് അനുബന്ധരേഖകളോ ഒന്നും തന്നെ ഔപചാരിക അന്വേഷണവേളയിൽ ഗ്രാമപഞ്ചായത്തിൽ നിന്നും പരിശോധനക്ക് ലഭ്യമായില്ലെന്നും ഇതുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ നിലവിൽ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ലായെന്ന് ഔപചാരിക അന്വേഷണവേളയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നും മേൽ സാഹചര്യത്തിൽ ഔപചാരിക അന്വേഷണവുമായി ബന്ധപ്പെട്ട് ശ്രീ. കെ ഗോപി സമർപ്പിച്ച മറുപടിയിൽ പരാമർശിച്ചിരിക്കുന്ന മുഴുവൻ വസ്തുതകളും പൂർണ്ണമായും ശരിയാണോയെന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നാറാണംമൂഴി ഗ്രാമപഞ്ചായത്തിലെ ചെമ്പൻമുടിമലയിലെ പാറഖനനത്തിനും ക്രഷർ യൂണിറ്റിനും ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട് സെക്രട്ടറിയുടെ അധികചുമതല വഹിച്ചിരുന്ന ശ്രീ. കെ ഗോപിക്കെതിരെ നാറാണംമൂഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച പരാതിയിന്മേൽ സാക്ഷികളെ നേരിൽ കേട്ടും മൊഴി രേഖപ്പെടുത്തിയും രേഖകൾ പരിശോധിച്ചും, തെളിവുകൾ ശേഖരിച്ചും

വിജിലൻ സ് & ആന്റി കറപ് ഷൻ ബ്യൂറോ അന്വേഷണം നടത്തി സമർപ്പിച്ച സത്വരാന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന വിവരങ്ങൾ/വസ്തുതകൾ ശരിവച്ചു കൊണ്ട് മേൽ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്നും 16.12.2014 ൽ പഞ്ചായത്ത് കമ്മിറ്റി കൂടുന്നതിന് അറിയിപ്പ് നൽകിയിരുന്നെങ്കിലും അന്ന് കമ്മിറ്റി കൂടിയില്ലായെന്നാണ് ശ്രീ.കെ ഗോപി ഔപചാരിക അന്വേഷണവേളയിൽ സമർപ്പിച്ച മറുപടിയിൽ പറയുന്നതെന്നും മേൽ സാഹചര്യത്തിൽ സർക്കാർ വക്കീലായ ശ്രീ. എസ്. അനൂപിൽ നിന്നും ലഭ്യമായ നിയമോപദേശം നിയമാനുസരണം പഞ്ചായത്ത് കമ്മിറ്റി വിളിച്ചു കൂട്ടി പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപെടുത്തി ഭരണസമിതിയെകൂടി വിശ്വാസത്തിലെടുത്ത് ലൈസൻസ് നൽകാമായിരുന്നിട്ടും ആയത് പാലിക്കാതെ 17.12.2014ൽ വിജിലൻസിന്റെ സത്വരാന്വേഷണറിപ്പോർട്ടിൽ പരാമർശിക്കുന്നത് പോലെ ധൃതിപിടിച്ച് ക്വാറി ക്രഷർ യൂണിറ്റുകൾക്ക് ലൈസൻസ് നൽകി ഫീസ് അടക്കുന്നതിന് അനുമതി നൽകിയ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന ശ്രീ. കെ. ഗോപിയുടെ നടപടി അംഗീകരിക്കാൻ കഴിയില്ലായെന്നും ആയത് ടിയാന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയായി കാണാവുന്നതാണെന്നും, ശ്രീ. കെ. ഗോപി നാറാണംമൂഴി ഗ്രാമപഞ്ചായത്തിൽ ചുമതല ഏൽക്കുന്നതിന് മുമ്പും പഞ്ചായത്ത് പരാമർശ വിഷയമായ ക്വാറി, ക്രഷർ യൂണിറ്റുകൾക്ക് ലൈസൻസ് നൽകിയിട്ടുള്ളതും, ഇപ്പോഴത്തെ ലൈസൻസ് പുതുക്കി ടി ക്വാറി, ക്രഷർ യൂണിറ്റുകൾ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നതായും അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും, മേൽ വിഷയവുമായി ബന്ധപ്പെട്ട് നടത്തിയ ഔപചാരിക അന്വേഷണത്തിൽ ലഭ്യമായ രേഖകളും മറ്റും പരിശോധിച്ചതിൽ ശ്രീ. കെ. ഗോപി പൂർണ്ണമായും കുറ്റവിമുക്തനാണെന്ന് കാണുവാൻ സാധിക്കുന്നില്ലെന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ. ഗോപിയുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 3 വർഷത്തേക്ക് തടയാമെന്ന താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതിനു മുമ്പ് ഇക്കാര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരായുകയും തുടർന്ന് പരാമർശം (9) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സർക്കാരിന്റെ താൽക്കാലിക തീരുമാനത്തോട് യോജിപ്പ് രേഖപ്പെടുത്തുകയും ശ്രീ. കെ. ഗോപിക്കെതിരെയുള്ള കുറ്റപത്രം അദ്ദേഹം വിരമിക്കുന്നത് വരെ കൈമാറാൻ കൂട്ടാക്കാത്ത ഉദ്യോഗസ്ഥനെതിരെ നടപടി എടുക്കേണ്ടതാണെന്നും വീക്ഷിച്ച ബഹു. കമ്മീഷൻ അപ്രകാരം സർക്കാരിനെ ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നാറാണംമൂഴി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ. കെ. ഗോപിയുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 3 വർഷത്തേക്ക് തടയാമെന്ന താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിയും, ശ്രീ. കെ. ഗോപിക്കെതിരെയുള്ള കുറ്റപത്രം ടിയാൻ വിരമിക്കുന്നത് വരെ കൈമാറാൻ കൂട്ടാക്കാത്ത ഉദ്യോഗസ്ഥനെതിരെ നടപടി എടുക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**രമണി മാത്യൂ**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ശ്രീ. കെ. ഗോപി, മുൻ സെക്രട്ടറി, നാറാണംമൂഴി ഗ്രാമപഞ്ചായത്ത്

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

3. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം

5. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട

7. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

8. വിജിലൻസ് (ഡി) വകുപ്പ് (യു.ഒ. റിമാർക്സ് നം.ഡി3/682/2018/വിജി. തീയതി 23.08.2018 പ്രകാരം)

9. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി2/60/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ